രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2472118/2472110/2474782
ഫാക്സ് : 0471-2462608
തീയതി : 14/08/2019

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ,
ദക്ഷിണമേഖല, തിരുവനന്തപുരം.

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - ആർ.ആർ.വിഭാഗം - പുസ്തകം മാറി രജിസ്റ്റർ ചെയ്യുന്ന ആധാരം പേൾ സോഫ്റ്റ് വെയർ മുഖേനെ ഇൻഡക്സ് ചെയ്യുന്നതിനുള്ള സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്

സൂചന :- ദക്ഷിണമേഖല രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01/02/19 ലെ ഐ.ആർ.ഒ.4-36/19 നമ്പർ കത്ത്

സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിൻമേലുള്ള സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു.

തെറ്റായ പുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ പിന്നീട് കണ്ടെത്തുകയും 1908- ലെ രജിസ്ട്രേഷൻ നിയമം വകുപ്പ് 68 (2), കേരള രജിസ്ട്രേഷൻ ചട്ടങ്ങൾ 187,241 എന്നിവ പ്രകാരം ജില്ലാ രജിസ്ട്രാർമാർ ക്രമപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി ആധാരം ശരിയായ ബുക്കിലേയ്ക്ക് മാറ്റി ഇൻഡക്സ് ചെയ്യേണ്ടതുണ്ട്. ഇത്തരം വീഴ്ചകൾ പരിഹരിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 187 ( i), 187 (ii) എന്നിവ പ്രകാരം തെറ്റായ പുസ്തകത്തിൽ കുറിപ്പ് ചേർക്കേണ്ടതും ശരിയായ പുസ്തകത്തിന്റെ സൂചികകളിൽ ഇവ ഉൾപ്പെടുത്തേണ്ടതുമാണ്. നാലാം പുസ്തകത്തിൽ തെറ്റായി രജിസ്റ്റർ ചെയ്ത ആധാരം ഒന്നാം പുസ്തകത്തിലേയ്ക്ക് മാറ്റുവാനായി ഉത്തരവ് നൽകുമ്പോൾ നാലാം പുസ്തകത്തിലെ ടി ആധാരത്തിന്റെ വാല്യത്തിൽ, ടി ഉത്തരവ് പ്രകാരമുള്ള കുറിപ്പ് ചേർക്കുകയും പേൾ സോഫ്റ്റ്‌വെയറിൽ ടി ആധാരത്തിന്റെ വസ്തു വിവരത്തിൽ ടി കുറിപ്പ് ചേർത്ത് ലഭിക്കുന്നതിനായി PEARL സോഫ്റ്റ്‌വെയർ മുഖേന റിക്വസ്റ്റ് നൽകുകയും ചെയ്യേണ്ടതാണ്.
2. നാലാം പുസ്തകത്തിലെ ടി ആധാരം സംബന്ധിച്ച കുറിപ്പുകൾ ഒന്നാം പുസ്തകത്തിന്റെ സൂചികയിൽ ചേർക്കുന്നതിനായി ടി ഉത്തരവിനെ ഒന്നാം പുസ്തകത്തിന്റെ തന്നെ ഭാഗമായ ഫയൽ വാല്യത്തിൽ, ടി ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ള വർഷത്തിലെ അവസാന (അടുത്ത) ഫയലായി ചേർക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർ നൽകിയിട്ടുള്ള ഉത്തരവ് , ടി ആധാരത്തിന്റെ പകർപ്പ് എന്നിവയാണ് ഫയൽ വാല്യത്തിൽ ചേർക്കേണ്ടത്. ഫയൽ ചെയ്യുന്ന തീയതിയായി ആധാരം യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തീയതിതന്നെ ചേർക്കേണ്ടതാണ്.ഇത്തരത്തിൽ ഫയൽ ചെയ്തശേഷം മറ്റ് മെമ്മോകൾ പോലെ ഇവയും സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.
3. ഒന്നാം പുസ്തകത്തിൽ നിന്നും നാലാം പുസ്തകത്തിലേയ്ക്ക് മാറ്റുവാനായി ഉത്തരവ്

നൽകുമ്പോൾ ടി ആധാരത്തിന്റെ സൂചിക ഒഴിവാക്കുക മാത്രമാണ് വേണ്ടത് എന്നതിനാൽ, ടി ആധാരത്തിന്റെ വസ്തുവിവരത്തിൽ കുറിപ്പ് ചേർക്കുവാനായി റിക്വസ്റ്റ് നൽകിയാൽ മാത്രം മതിയാകുന്നതാണ്.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by A ALEXANDER
Date: 2019.08.14 17:41:52 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

പകർപ്പ്
എല്ലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും,
എല്ലാ ജില്ലാ രജിസ്ട്രാര (ജ/ആ) മാർക്കും